# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 — കെ. യു എച്ച്. ക്യു., തീയതി: 23.10.2020

<u>പ്രസിദ്ധീകരണത്തിന്</u>

### ഇന്റേണൽ മാർക്ക്

അഫീലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥികളുടെ എ. പി. സി. ചുവടെ നൽകിയ തീയതികളിൽ സമർപ്പിക്കേണ്ടതാണ്:

- **രണ്ടും നാലും** സെമസ്റ്റർ **എം. സി. എ.** (മെയ് 2020) – **28.10.2020** മുതൽ **05.11.2020** വരെ
- **രണ്ടാം** സെമസ്റ്റർ **എം. ബി. എ.** (ഏപ്രിൽ 2020) – **03.11.2020** മുതൽ **12.11.2020** വരെ
- **രണ്ടാം** സെമസ്റ്റർ **ബി. എഡ്.** (ഏപ്രിൽ 2020) – **17.11.2020** മുതൽ **24.11.2020** വരെ

### പരീക്ഷാഫലം

**നാലാം** സെമസ്റ്റർ **എം. എഡ്.** (റഗുലർ/ സപ്ലിമെന്ററി) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **09.11.2020** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം. മാർക്ക് ലിസ്റ്റും പ്രൊവിഷണൽ സർട്ടിഫിക്കറ്റും പഠനവകുപ്പ് മുഖാന്തിരം പിന്നീട് സമർപ്പിക്കുന്നതാണ്.

### പ്രായോഗിക/ വാചാപരീക്ഷ

**രണ്ടാം വർഷ** എം. എ. **അറബിക്** ഡിഗ്രി (വിദൂരവിദ്യാഭ്യാസം –റഗുലർ– ജൂൺ 2020) പ്രായോഗിക/വാചാപരീക്ഷ 03.11.2020, 04.11.2020, 05.11.2020 തീയതികളിൽ താവക്കര ക്യാംപസിലെ യു ജിസി ഹ്യുമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിൽ വച്ച് കോവിഡ് – 19 മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതാണ്. രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും സമയക്രമം പാലിച്ച് കൊണ്ട് താവക്കര സർവ്വകലാശാലാ ക്യാമ്പസ്സിൽ ഹാജരാക്കേണ്ടതാണ്. പ്രായോഗിക/ വാചാപരീക്ഷാ നടത്തിപ്പിനുള്ള നിർദേശങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത നിർദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/–
**ഡെപ്യൂട്ടി രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**